തീരപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്താൻ പദ്ധതി

7 (*184) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) തീരപ്രദേശങ്ങളിലെ ഭവന നിർമ്മാണം, ശുചീകരണം, റോഡുകൾ, കുടിവെള്ളം എന്നീ മേഖലകളിൽ എന്തു തുക വീതം ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികളായിരുന്നു പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികൾക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ കേന്ദ്ര സഹായം നേടിയെടുക്കാൻ സാധിച്ചുവോ ;

(ഡി) ഈ പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; ഇതിനകം ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) 505 കോടി രൂപയുടെ വിപുലമായ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും ഈ പദ്ധതിക്ക് മുഴുവനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) അഞ്ചു വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു:

		തുക (ലക്ഷം)
1.	ഭവനനിർമ്മാണം	20,000.00
2.	ഭവന പുനരുദ്ധാരണം	2,400.00
3.	സാനിട്ടേഷൻ	1,500.00
4.	കുടിവെള്ളം	3,000.00
5.	ഫിഷറീസ് റോഡ്	20,812.50
		47,712.50

LIBRARY ARCHIVES Kerala Legislative Assembly

(സി) അഭ്യർത്ഥിച്ചിരുന്നു. 2002-03 സാമ്പത്തികവർഷം വീടുകളുടെ പുനരുദ്ധാരണം, കുടിവെള്ളം, സാനിട്ടേഷൻ എന്നീ ഘടകങ്ങൾ ഏർപ്പെടുത്തുന്നതിനായി 15 കോടി രൂപയുടെ അധിക കേന്ദ്ര സഹായം ലഭിച്ചു.

(ഡി) 2003-2004 സാമ്പത്തികവർഷം 228 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 195 ലക്ഷം രൂപയുടെ റോഡുകൾക്കാണ് നീക്കി വച്ചിരുന്നത്. 195 ലക്ഷം രൂപ അടങ്കൽ തുകയുള്ള റോഡ് നിർമ്മാണത്തിന് ഭരണാനുമതി നല്കിയിരുന്നുവെങ്കിലും ലാറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാതിരുന്നതിനാൽ ഈ ഇനത്തിൽ തുകയൊന്നും ചെലവായിട്ടില്ല. കുടിവെള്ളം തുടങ്ങി മറ്റു പദ്ധതികൾക്കായി 33 ലക്ഷം രൂപ ചെലവായി.

സംസ്ഥാനത്ത സമ്പൂർണ്ണ മദ്യനിരോധനം

8 (*185) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനിരോധനം ഘട്ടം ഘട്ടമായി സംസ്ഥാനത്ത് ഏർപ്പെടുത്തുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷവും സർക്കാർ പ്രഖ്യാപിച്ച അബ്കാരി നയത്തിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രതിപാദിച്ചിരുന്നത്;

(സി) ഇതിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കി ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ മദ്യനയത്തിന് രൂപം നല്കിവരുന്നത്. ഇവ കണക്കിലെടുത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) സംസ്ഥാനത്ത് 1996-ൽ ചാരായനിരോധനം നടപ്പിൽ വരുത്തി

(2) അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാ കുറ്റമാക്കുകയും ശിക്ഷ വർദ്ധിപ്പിക്കുകയും ചെയ്തു.

(3) സംസ്ഥാനത്തുണ്ടായിരുന്ന 5972 കള്ളുഷാപ്പുകൾ 4362 ആയി കുറയ്ക്കുകയും ഡ്രൈഡേയുടെ എണ്ണം 4-ൽ നിന്നും 16 ആയി വർദ്ധിപ്പിക്കുകയും ചെയ്തു.

(4) ബാർ ഹോട്ടലുകളുടെ ലൈസൻസിംഗ് വ്യവസ്ഥകൾ കൂടുതൽ കർശനമാക്കി.

LIBRARY ARCHIVES Kerala Legislative Assembly